msarazak@hotmail.com



എം.എസ്.എ റസാഖ്

# സകാത്ത് നൽകാതിരുന്നാൽ

عَنْ بُرَيْدَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ ﷺ مَا مَنَعَ قَوْمٌ الزَّكَاةَ إِلَّا ابْتَلَاهُمُ اللَّهُ بِالسِّنِينَ (رَوَاهُ الطَّبْرَانِي)

**ബുറൈദ(റ)യിൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: "സകാത്ത് നിഷേധികളായ ഒരു ജനതയെയും ക്ഷാമവും വരൾച്ചയും കൊണ്ട് അല്ലാഹു പരീക്ഷിക്കാതിരുന്നിട്ടില്ല"(ത്വബ്റാനി).***

സകാത്ത് നൽകാതിരിക്കുന്നതിന്റെ ഭൗതിക ശിക്ഷയാണ് ഹദീസിൽ പ്രതിപാദിക്കുന്നത്. ക്ഷേമത്തിന്റെയും ഐശ്വര്യത്തിന്റെയും പ്രതീകമാണ് മഴ. ഭൂമിയിൽ മനുഷ്യന്റെ നിലനിൽപിനും ജീവജാലങ്ങളുടെ വളർച്ചയ്ക്കും മഴ അനിവാര്യമാണ്. അല്ലാഹു മനുഷ്യന് നൽകുന്ന അനുഗ്രഹത്തിൽ നിന്ന് തന്റെ സമസൃഷ്ടികൾക്ക് നൽകാതിരിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹ വർഷം തടയപ്പെടാൻ നിമിത്തമാകുന്നു. തൽഫലമായി അല്ലാഹു മഴ തടയുകയും വരൾച്ചയും വറുതിയും ക്ഷാമവും വഴി പരീക്ഷിക്കുകയും ചെയ്യും. അല്ലാഹു നൽകിയ സമ്പത്തിൽ നിന്ന് സകാത്ത് നൽകി അവന്റെ അനുഗ്രഹത്തിന് നന്ദി പ്രകടിപ്പിക്കേണ്ട ബാധ്യത മനുഷ്യനുണ്ട്. പക്ഷേ ചിലർ സകാത്ത് നിഷേധിച്ച് കൊണ്ട് അല്ലാഹുവോട് നന്ദികേട് കാണിക്കുന്നു. പ്രവാചകൻ പറഞ്ഞു: "ജന്തുജാലങ്ങൾ ഇല്ലായിരുന്നെങ്കിൽ അല്ലാഹു മഴ വർഷിപ്പിക്കുമായിരുന്നില്ല" (ഹാകിം). ഇത് ദൈവനിശ്ചയമെന്ന പോലെ പ്രകൃതിയുടെ പ്രതിഭാസവുമാണ്. അതിന്റെ കാരണമാവട്ടെ മനുഷ്യന്റെ നിഷേധ പ്രവണതയും. അവൻ ദുരാഗ്രഹത്തിന്റെയും ദുർമോഹത്തിന്റെയും അത്യാർത്തിയുടെയും ഫലമായി പ്രകൃതിയെ തെറ്റായ രീതിയിൽ ചൂഷണം ചെയ്യുന്നു. നമ്മുടെ ജീവിത രീതികളും പ്രകൃതിവിഭവ വിനിയോഗരീതിയിലെ അസന്തുലിതത്വവും വരൾച്ച വർധിക്കുന്നതിനും മഴയുടെ ലഭ്യത കുറയുന്നതിനും കാരണമാകുന്നു. അത് ഭൂമിയുടെ ആവാസവ്യവസ്ഥയെ തകിടം മറിക്കുന്നു. തന്മൂലം വരൾച്ചയും മറ്റു പ്രകൃതി വിപത്തുകളും സംഭവിക്കുന്നു.

സകാത്ത് നൽകുന്നത് വഴി വിശ്വാസി അല്ലാഹുവിൽ നിന്ന് ലഭിച്ച അനുഗ്രഹത്തിന് നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം സമസൃഷ്ടികളോടുള്ള ബാധ്യത നിറവേറ്റുകയും ചെയ്യുന്നു. ദരിദ്ര വിഭാഗത്തിന്റെ ഉന്നമനത്തിനും ധനത്തിന്റെ വളർച്ചക്കും വർഗപരമായ അസമത്വങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും സകാത്ത് ഉപകരിക്കുന്നു. മനുഷ്യർക്കിടയിൽ സ്നേഹവും സന്മനോഭാവവും കാരുണ്യവും അതിലൂടെ വ്യാപിക്കുന്നു. സാമൂഹിക ക്ഷേമം കൈവരുന്നു. സാഹോദര്യ ഭാവം ഉറപ്പുവരുത്തുന്നു.

ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ മൂന്നാമത്തേതാണ് സകാത്ത്. ഇസ്ലാമിക സമ്പദ്വ്യവസ്ഥയുടെ സാമ്പത്തിക സാമൂഹികാടിത്തറയാണത്. ഖുർആനിൽ 30 സ്ഥലങ്ങളിൽ സകാത്തെന്ന പദം നാമമായി പ്രയോഗിച്ചതിൽ 27 പ്രാവശ്യവും നമസ്കാരത്തോട് ചേർത്തുകൊണ്ടാണ് പ്രതിപാദിച്ചിട്ടുള്ളത്. ഇസ്ലാമിലെ പഞ്ചസ്തംഭങ്ങളിൽ രണ്ടാമത്തേതായ നമസ്കാരം ദൈവദാസന് അല്ലാഹുവോടുള്ള നിർബന്ധ ബാധ്യതയാണെങ്കിൽ സകാത്ത് അല്ലാഹുവോടും അവന്റെ ദാസന്മാരോടുമുള്ള ബാധ്യതയാകുന്നു. സകാത്ത് നൽകണമെന്ന് ഖുർആനിലും സുന്നത്തിലും ആവർത്തിച്ച് ആജ്ഞാപിക്കുന്നു. വിശ്വാസത്തിന്റെയും സ്വർഗപ്രവേശത്തിന്റെയും ഈമാനിക സാഹോദര്യത്തിന്റെയും തൗബ സ്വീകരണത്തിന്റെയും പാപം പൊറുക്കലിന്റെയും ഉപാധിയാണ് സകാത്ത്. സകാത്ത് നിഷേധികളോട് യുദ്ധം ചെയ്ത പാരമ്പര്യമാണ് ഇസ്ലാമിനുള്ളത്. പ്രവാചകന്റെ മരണാനന്തരം ചില സമൂഹങ്ങൾ പറഞ്ഞു: "ഞങ്ങൾ നമസ്കരിക്കാം, പക്ഷേ സകാത്ത് നൽകില്ല." സകാത്ത് നൽകാൻ വിസമ്മതിച്ച ആ വിഭാഗത്തെ മതപരിത്യാഗികളായി പരിഗണിക്കുകയും അവരോട് യുദ്ധം നടത്തുകയും ചെയ്തു പ്രഥമ ഖലീഫ അബൂബക്ർ(റ). മതത്തിന് വേണ്ടിയും ദരിദ്ര വിഭാഗത്തിന്റെ അവകാശ സംരക്ഷണത്തിന് വേണ്ടിയുമുള്ളതായിരുന്നു ഈ യുദ്ധം.

സത്യവിശ്വാസി സകാത്ത് നൽകുന്നതിലൂടെ അസൂയ, സ്പർധ, ഔദ്ധത്യം, അഹംഭാവം, അവകാശ നിഷേധം, പിശുക്ക്, ലുബ്ധ്, വഞ്ചന, ചതി, വക്രത, സുഖഭോഗ തൃഷ്ണ, ദേഹേഛ തുടങ്ങിയവയിൽ നിന്ന് മനസ്സിനെ ശുദ്ധീകരിക്കുന്നു. ധനത്തിൽ നിന്ന് പാവപ്പെട്ടവന്റെ അവകാശമായ നിശ്ചിത ഓഹരി നൽകുക വഴി സമ്പത്തിനെ സംസ്കരിക്കുന്നു. 'സ്വദഖ' എന്ന പദവും അതിന്റെ വ്യുത്പന്നങ്ങളും 150-ൽ പരം പ്രാവശ്യം ഖുർആനിൽ വന്നിട്ടുണ്ട്. സത്യസന്ധത, ആത്മാർഥത എന്നീ ആശയങ്ങൾ ഈ പദം ഉൾക്കൊള്ളുന്നു. അർഹരായവർക്ക് ധനം നൽകുക വഴി തന്റെ സത്യസന്ധതയും ആത്മാർഥതയും തെളിയിക്കുന്നു. സകാത്ത് നൽകുന്നത് കർമത്തിന്റെയും ആദർശത്തിന്റെയും വചനത്തിന്റെയും സത്യസന്ധതക്ക് തെളിവാണ്. സകാത്തിന് സ്വദഖ എന്ന് ഖുർആൻ പ്രയോഗിച്ചതിന്റെ പൊരുളിതാണ്. ■

*** ത്വബ്റാനി ഔസത്തിൽ ഉദ്ധരിച്ചത്. നിവേദകർ പ്രബലരാണ്. ഹാകിമിന്റെയും ബൈഹഖിയുടെയും റിപ്പോർട്ടിൽ 'സകാത്ത് കൊടുക്കാത്ത ഒരു ജനത്തിനും അല്ലാഹു മഴ തടയാതിരുന്നിട്ടില്ല' എന്നാണുള്ളത്.**